# ലക്ഷ്യം - വെക്കൽ

"സംസാരിക്കുവാൻ പഠിക്കുന്നതു വിഷമമല്ല," എന്ന് ആരോ പറഞ്ഞിട്ടുണ്ട്. "അതു നീന്തൽ പഠിക്കുന്നതുപോലെയാണ്. വെള്ളത്തിലേക്ക് ചാടിയാൽ കൈകാലടിക്കുന്നതുപോലെയാണ്." ചിലപ്പോൾ അദ്ധ്യക്ഷന്മാർ അവരുടെ പ്രവൃത്തികൾ അങ്ങനെയാണ് കാണുന്നത്: അവർ വിചാരിക്കുന്നതു "ചാടി കൈകാൽ ഇട്ടടിച്ചാൽ" കാര്യം ശരിയായിക്കൊള്ളും എന്നാണ്. "കുതിരപ്പുറത്തേക്കു കയറി ഏതു ദിശയിലേക്കും ഓടിക്കാം" എന്നു ഹോളിവുഡിലെ കൗബോയ് പറഞ്ഞതുപോലെയാണ് അത്. അദ്ധ്യക്ഷന്മാർ "എല്ലാ ദിശകളിലേക്കും ഓടുന്നവരും" കൂടാതെ, അവർ വളരെ തിരക്കുള്ളവരായതിനാൽ, അവരുടെ ശുശ്രൂഷ നിർവ്വഹിക്കപ്പെടുന്നു എന്ന് അവർ കരുതുന്നു. അവർ അങ്ങനെ അല്ലായിരിക്കാം. സ്വന്തം ആവശ്യത്തിനുവേണ്ടി ചെയ്യുന്ന പ്രവൃത്തി ഉപകാരപ്രദമായിരിക്കയില്ല. "ദിശയില്ലാത്ത" പോക്ക് ഒന്നും നേടുകയില്ല.

കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ സഭാദ്ധ്യക്ഷന്മാർക്ക് വേണ്ട കഴിവുകളിൽ, ലക്ഷ്യങ്ങൾ വെക്കുവാനുള്ള കഴിവു ആർജിക്കുന്നതാണ് ഒന്നാമത്തേത്. *അദ്ധ്യക്ഷന്മാർക്കു ലക്ഷ്യങ്ങൾ വേണം.*[1] മുൻ നിശ്ചയിച്ചതു നേടിയെടുക്കുവാൻ മറ്റുള്ളവരെ നയിക്കുന്നതാണ് നേതൃത്വമെങ്കിൽ, ആ നേതൃത്വത്തിനു ലക്ഷ്യങ്ങൾ ഉണ്ടാകേണ്ടതു ആവശ്യമാണ്. അതിലുപരി, നേതൃത്വത്തിന്റെ വിലയിരുത്തലിനു മുൻകൂട്ടിയുള്ള ലക്ഷ്യങ്ങൾ ആവശ്യമാണ്. അദ്ധ്യക്ഷന്മാർ അവർക്കു നേടുവാനുള്ളതു നിർവ്വചിക്കാതെ നേതൃത്വത്തെ എങ്ങനെ വിലയിരുത്താൻ സാധിക്കും?

ലക്ഷ്യം-വെക്കുന്നതിനു എന്താണാവശ്യം? പത്തു നിർദ്ദേശങ്ങൾ നമുക്കു പരിഗണിക്കാം.

### പ്രാർത്ഥനയോടെ വേണം ലക്ഷ്യം വെക്കുവാൻ

പ്രാർത്ഥനയോടെ വേണം ലക്ഷ്യം - വെക്കുവാൻ. സഭാദ്ധ്യക്ഷന്മാർ പ്രാർത്ഥിക്കേണ്ടതിനു പല കാരണങ്ങൾ ഉണ്ട്. ഒന്നാമത്, ദൈവസഹായം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുന്നതിനു ഒന്നും ചെയ്യുവാൻ സഭാ

ദ്ധ്യക്ഷന്മാർക്കോ സഭക്കോ സാധ്യമല്ല. സങ്കീർത്തനക്കാരൻ പറഞ്ഞു, "യഹോവ വീടു പണിയാതിരുന്നാൽ, പണിയുന്നവൻ വൃഥാ അദ്ധ്വാനിക്കുന്നു" (സങ്കീർത്തനങ്ങൾ 127:1). രണ്ടാമതു, ജ്ഞാനം ദൈവത്തിൽ നിന്നാണ് വരുന്നതു: "നിങ്ങളിൽ ഒരുത്തന്നു ജ്ഞാനം കുറവാകുന്നു എങ്കിൽ, ഭർത്സിക്കാതെ എല്ലാവർക്കും ഔദാര്യമായി കൊടുക്കുന്നവനായ, ദൈവത്തോടു യാചിക്കട്ടെ, അപ്പോൾ അവനു ലഭിക്കും" (യാക്കൊബ് 1:5). മൂന്നാമതു, ദൈവമാണ് കൊയ്ത്തിലേക്കു വേലക്കാരെ അയക്കുന്നതും (മത്തായി 9:37, 38) വർദ്ധനവു വരുത്തുന്നതും (1 കൊരിന്ത്യർ 3:6). നാലാമതു, ദൈവം പ്രാർത്ഥനക്കു മറുപടി തരുന്നു (1 യോഹന്നാൻ 5:14, 15).

## ലക്ഷ്യങ്ങൾ സഭയുടെ ദൗത്യവുമായി സ്ഥിരമായിരിക്കണം

സഭയുടെ ദൗത്യം നഷ്ടപ്പെട്ടവരെ തിരഞ്ഞു രക്ഷിക്കുക എന്നതാണ് (സുവിശേഷീകരണം), ഒരിക്കൽ രക്ഷിക്കപ്പെട്ടവരെ സൂക്ഷിക്കുന്നതും (ആത്മികവർദ്ധനവു), സൽപ്രവൃത്തികൾ ചെയ്യുകയും (ധർമ്മോപകാരം), ദൈവത്തിനു പ്രസാദകരമായ യാഗം അർപ്പിക്കയും (ആരാധന) ചെയ്യുക എന്നതാണ്. സഭ ലക്ഷ്യം - വെക്കുന്നതെന്തും ഏതുവിധത്തിലും ഇടവകയുടെ ആ ദൗത്യത്തിന്റെ ലക്ഷ്യപ്രാപ്തിക്കായിട്ടായിരിക്കണം.

## സഹകരണത്തോടെ വേണം ലക്ഷ്യം വെക്കുവാൻ

ലക്ഷ്യം തീരുമാനിക്കേണ്ടതു സഹകരണത്തോടെയാണ്. എല്ലാവരും - മൂപ്പന്മാർ, ശുശ്രൂഷകന്മാർ, ഉപദേഷ്ടാക്കന്മാർ, പ്രാസംഗികർ, അംഗങ്ങൾ എന്നിവരെല്ലാം - ലക്ഷ്യം - വെക്കുന്നതിൽ ഉൾപ്പെടണം. ലക്ഷ്യം - വെക്കുന്നതിൽ സഹകരണ പങ്കാളിത്തത്തിനുള്ള വില വ്യക്തമാണ്: ഒരു ഇടവകയ്ക്ക് ലക്ഷ്യം ശക്തിപകരുന്നതിനു മുൻപു, അംഗങ്ങൾ സഭയുടെ ലക്ഷ്യങ്ങളെ "നമ്മുടെ ലക്ഷ്യങ്ങൾ," ആയി ചിന്തിക്കണം, അല്ലാതെ "മൂപ്പന്മാരുടെ ലക്ഷ്യം" അല്ലെങ്കിൽ "ഉപദേഷ്ടാവിന്റെ" ലക്ഷ്യം ആയി ചിന്തിക്കരുത്.

ലക്ഷ്യം-വെക്കുന്ന നടപടി തുടങ്ങാനുള്ള ഒരു നല്ല വഴി അദ്ധ്യക്ഷന്മാർ ഇടവകയിലെ എല്ലാ അംഗങ്ങൾക്കും ലക്ഷ്യം-വെക്കുന്ന നടപടിയിൽ പങ്കെടുക്കുവാൻ അവസരം കൊടുത്തുകൊണ്ടാണ്. ആ സമയത്തു, സ്വപ്നങ്ങളും, ആശകളും, വീക്ഷണങ്ങളും, പ്രതീക്ഷകളും ഒരു "ചിന്താധാര" എന്ന രീതിയിൽ എല്ലാവരും വിമർശിക്കപ്പെടാതെ പങ്കുവയ്ക്കുകയും ഭയം കൂടാതെ ആ ആശയങ്ങൾ ആളുകൾ പങ്കുവയ്ക്കുകയും ചെയ്യുന്നു.

പിന്നെ, ലക്ഷ്യം-വെക്കൽ നടപടി സ്വപ്നങ്ങളിലും പ്രത്യാശകളിലും നിന്നു വാസ്തവത്തിലുള്ള പദ്ധതിയായി പുരോഗമിക്കണം. ഓരോ ഘട്ടത്തിലും എത്രത്തോളം അംഗങ്ങളെ പങ്കെടുപ്പിക്കാമോ അത്രയും അംഗങ്ങളെ പങ്കെടുപ്പിക്കണം.

## ലക്ഷ്യത്തോടൊപ്പം വിദ്യാഭ്യാസവും വേണം

ലക്ഷ്യം-വെക്കലിൽ പങ്കെടുക്കേണ്ടവർ - ഇടവകയിലുള്ള എല്ലാ അംഗങ്ങളും - സഭ എന്താണ് ചെയ്യുവാൻ പോകുന്നതു എന്നു പഠിക്കേണ്ടതുണ്ട്. അംഗങ്ങൾക്ക് വിദ്യാഭ്യാസമില്ലാത്ത കാലത്തോളം, അവർ വിചാരിക്കുന്നത് സഭയുടെ ലക്ഷ്യം വെറുതെ നിലനില്ക്കേണ്ടതിനും, തന്നെത്താൻ പ്രസാദിപ്പിക്കേണ്ടതിനും, അല്ലെങ്കിൽ ആരാധനക്കു കൂടി വരേണ്ടതിനുമാണ് എന്നാണ്. അത്തരം ലക്ഷ്യങ്ങൾ സഭയുടെ മുഖ്യ ദൗത്യമായി മാറാതിരിക്കുവാൻ ഉപദേശിക്കൽ സഹായകരമാകും.

## ലക്ഷ്യങ്ങൾ നിയമപ്രകാരം ആയിരിക്കണം

ക്രിസ്ത്യാനിത്വത്തിന്റെ താല്പര്യവും നിലവാരവും പ്രതിഫലിപ്പിക്കുന്നതാകണം ലക്ഷ്യങ്ങൾ. സത്യത്തെ കണക്കാക്കാതെ ഒരു സഭയുടെ ലക്ഷ്യം **"ഏതെങ്കിലും വിധത്തിൽ വളർത്തുക,"** എന്നതാണെങ്കിൽ അതു നിയമപരമായിരിക്കയില്ല. അതുപോലെ ആത്മിയവളർച്ച കൂടാതെ അംഗ സംഖ്യ ഉയർത്തുന്നതും നിയമപരമായിരിക്കയില്ല.

സഭയുടെ നിയമപ്രകാരമുള്ള ചില ലക്ഷ്യങ്ങൾ എന്താണ്? ചില പൊതുവായ, നിയമപരമായിരിക്കുന്ന ദീർഘ-കാല ലക്ഷ്യങ്ങൾ താഴെ കൊടുത്തിരിക്കുന്നു:

1. പരസ്യമായും രഹസ്യമായും നമ്മുടെ സമൂഹത്തിലുടനീളം കഴിവതും ഏറ്റവും ഫലപ്രദമായ രീതിയിൽ, ദൈവത്തിന്റെ വചനം വിശ്വസ്തമായി അറിയിക്കുവാൻ.
2. എല്ലാവർക്കും വ്യക്തിപരമായ നിവർത്തിപ്പിനും ആത്മിയ വളർച്ചക്കും പരമാവധി അവസരങ്ങൾ ഉള്ള, സ്നേഹവും കരുതലും ഉള്ള ഒരു ക്രിസ്തീയ കൂട്ടായ്മയായി തീരുവാൻ.
3. സഹകരണാരാധനക്കു അവസരങ്ങൾ നല്കുന്നത് ദൈവത്തെ പ്രസാദിപ്പിക്കയും ക്രിസ്ത്യാനികളെ ആത്മീകവർദ്ധന വരുത്തുകയും ചെയ്യുന്നു.
4. സഭയിലെ ഓരോ അംഗത്തിനും ആത്മിയമായ ക്ഷേമവും-ഐശ്വര്യവും ഉണ്ടാക്കുവാൻ. ഇതു സംഭവിക്കുന്നത് ഓരോ അംഗവും വിശ്വസ്തമായിരിക്കയും ക്രിസ്തുവിനെ-പോലെ വളരുകയും, സന്നിഹിതരാകുന്നതിലും, നല്കുന്നതിലും, ഉൾപ്പെടുന്നതിലും തന്നെ.
5. അംഗങ്ങൾക്കും അംഗമാകാത്തവർക്കും ഉപകാരപ്പെടുന്ന ഒരു ധർമ്മോപകാര പ്രവൃത്തിയിലൂടെ ക്രിസ്തുവിന്റെ സ്നേഹ സ്വഭാവം കാണിക്കുവാൻ.
6. മിഷൻ പ്രവർത്തനത്തെ സഹായിക്കുന്നതിനു വേണ്ടി, മറ്റു പ്രദേശങ്ങളിൽ സുവിശേഷം അറിയിക്കുവാൻ.
7. മുകളിൽ പറഞ്ഞ ലക്ഷ്യങ്ങൾ നേടുവാൻ വേണ്ട പ്രവൃത്തികൾ ആരംഭിക്കുവാൻ.

ഓരോ ഇടവകയും, പ്രാർത്ഥനക്കും ചർച്ചക്കുംശേഷം, അതിന്റേതായ

നിയമപരമായ ലക്ഷ്യങ്ങൾ ക്രോഡീകരിക്കുക.

## ലക്ഷ്യങ്ങൾ ഒരു ഇടവകക്കു പ്രത്യേകമായിരിക്കണം

ഇടവകയുടെ പ്രത്യേക സാഹചര്യങ്ങളിൽ അടങ്ങുന്ന ഘടകങ്ങളായ വ്യക്തിപരവും, വിഭവങ്ങളും, താലന്തുകളും സമൂഹത്തിന്റെ സ്വഭാവവും ഒരു ഇടവകയുടെ ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നതാണ്. വ്യക്തികളായ അംഗങ്ങളുടെ പ്രവർത്തികളാലും ചുറ്റുപാടുമുള്ള സാഹചര്യങ്ങളാലും ഇടവകകൾക്ക് പരിമിതികൾ ഉണ്ടായേക്കാം. ഉദാഹരണമായി, നാട്ടിൻപുറത്തുള്ള ഇടവകയിൽ പ്രായമായവർ മാത്രമുള്ള സ്ഥലത്തു ജനസംഖ്യ കുറവുള്ളവരേക്കാൾ യുവാക്കളുടെ അംഗസംഖ്യയുള്ള സഭ ശക്തമായി വളരുവാൻ അവസരമുണ്ട്.

## ലക്ഷ്യങ്ങളെ നാലു വിധത്തിൽ കാണണം

നാലു തരത്തിലുള്ള ലക്ഷ്യങ്ങളെ വേർതിരിച്ചു കാണണം.

ഒന്ന്, സഭയുടെ *അന്തിമ ലക്ഷ്യം* രക്ഷയാണ് (അതു മറ്റു പല പേരുകളിൽ പറയാമെങ്കിലും) - നമ്മുടേയും മറ്റുള്ളവരുടേയും രക്ഷയാണ് അത്. നാം സഭയിൽ ചെയ്യുന്നതെല്ലാം ഈ അന്തിമ ലക്ഷ്യത്തിലെത്തുന്നതാകണം.

രണ്ട്, *ദീർഘ-കാല ലക്ഷ്യങ്ങൾ* ഉണ്ട്. വരും വർഷങ്ങളിൽ കൂടുതൽ പേർ രക്ഷിക്കപ്പെടേണ്ടതിനു സഭ എങ്ങനെ വളരണം? അഞ്ചു, പത്ത്, അല്ലെങ്കിൽ പതിനഞ്ചു വർഷങ്ങൾക്കുള്ളിൽ സഭ എങ്ങനെയായിരിക്കണം എന്നതു അദ്ധ്യക്ഷന്മാർ തീരുമാനിക്കണം. ആ ദീർഘ-കാല ലക്ഷ്യങ്ങളുടെ നേട്ടത്തിലേക്ക് നയിക്കുന്നതാകണം ഇന്നു വെക്കുന്ന ലക്ഷ്യങ്ങൾ.

*ഇടവകയുടെ ലക്ഷ്യങ്ങളിൽ ദീർഘകാല ലക്ഷ്യത്തിലേക്കും അന്തിമ ലക്ഷ്യത്തിലേക്കും എത്തേണ്ടതിനു വേണ്ടതെല്ലാം ഉൾപ്പെടുത്തണം.* ഇതു നമ്മെ മൂന്നാമത്തെ ലക്ഷ്യങ്ങളിലേക്ക് തിരിക്കുന്നു, *ഹ്രസ്വകാല ലക്ഷ്യങ്ങൾ.* സഭയുടെ ദീർഘ-കാല ലക്ഷ്യം കൈവരിക്കുവാൻ, അടുത്ത ആറു മാസത്തിനുള്ളിൽ, ഒരു വർഷത്തിനുള്ളിൽ, അല്ലെങ്കിൽ രണ്ടു വർഷത്തിനുള്ളിൽ ഇടവക എന്തു പൂർത്തിയാക്കണം? ഉദാഹരണമായി ഒരു ഇടവകക്കു കൂടുതൽ ആളുകളെ രക്ഷിക്കുവാൻ ഒരു കെട്ടിടം അഞ്ചു വർഷത്തിനുള്ളിൽ പൂർത്തിയാക്കേണ്ടതുണ്ടാകാം. അതൊരു ദീർഘ-കാല ലക്ഷ്യമാണ്. ആ ദീർഘ-കാല ലക്ഷ്യം കൈവരിക്കുവാൻ അവർ വരും കാലങ്ങളിൽ എന്താണ് ചേയ്യേണ്ടത്? അടുത്ത വർഷത്തിനുള്ളിൽ ചില ഞായറാഴ്ച്ചയിൽ പ്രത്യേക ധർമ്മ ശേഖരം നടത്തുന്നത് അവരുടെ ഹ്രസ്വ-കാല ലക്ഷ്യങ്ങളിൽ ഒന്നായിരിക്കണം.

നാലു, *പ്രവൃത്തി ലക്ഷ്യങ്ങൾ അല്ലെങ്കിൽ നടപ്പിലാക്കേണ്ട ലക്ഷ്യങ്ങൾ ആവശ്യമാണ്.* ഹ്രസ്വ-കാല ലക്ഷ്യങ്ങളിൽ എങ്ങനെ എത്തിച്ചേരും? ഒരു പ്രത്യേക കാലയളവിനുള്ളിൽ കാണാനാവുന്ന എന്തു ലക്ഷ്യമാണ് പൂർത്തിയാക്കുവാൻ കഴിയുക? ഈ “ലക്ഷ്യങ്ങളുടെ

പ്രവൃത്തി" ഹ്രസ്വ-കാല ലക്ഷ്യങ്ങൾ നേടുവാൻ ആവശ്യമുള്ള പദ്ധതിയും പരിപാടിയും ആയി ബന്ധപ്പെട്ടതാകും. മുകളിൽ പറഞ്ഞ മാതൃകക്കു, ഒരു ഇടവക താഴെ കൊടുത്തിരിക്കുന്ന പ്രവൃത്തികളായ ലക്ഷ്യങ്ങൾ വെക്കാവുന്നതാണ്:

1. ആ പരിശ്രമത്തെ കുറിച്ചു, സംഭാവനക്കു മുൻപു മൂന്നു പ്രാർത്ഥനായോഗങ്ങൾ നടത്തുക.
2. സംഭാവനക്കു മുൻപു നാലു മുതൽ ആറാഴ്ച്ച വരെ കാര്യ വിചാരണയെ സംബന്ധിച്ച പഠനം നടത്തുക.
3. സംഭാവനക്കു മുൻപു നല്കുന്നതിനെ സംബന്ധിച്ചു എട്ടു ലേഖനങ്ങൾ പരസ്യപ്പെടുത്തുക.
4. അവസാന രണ്ടു മാസങ്ങളിൽ സംഭാവനയെ കുറിച്ചു ഓരോ ആരാധനക്കും പരസ്യമായി പറയുക.
5. എല്ലാ അംഗങ്ങളുടെയും പിന്തുണ ലഭിക്കുവാൻ കൂടെ കൂടെ മീറ്റിങ്ങുകൾ വിളിക്കണം.
6. ഒരദ്ധ്യക്ഷൻ ഇടവകയിലെ ഓരോ അംഗത്തെയും ബന്ധപ്പെട്ടു അയാളുടെ അല്ലെങ്കിൽ അവളുടെ പിന്തുണ ചോദിക്കണം.

ആ ലക്ഷ്യം വെക്കുന്നത് വിശ്വാസത്തോടെ ആയിരിക്കണം കാരണം ആ ഇടവക ഹ്രസ്വ-കാല ലക്ഷ്യങ്ങൾ നിറവേറ്റിയാൽ, അവർക്ക്, ദൈവ സഹായത്താൽ, അവരുടെ ദീർഘ-കാല ലക്ഷ്യങ്ങൾ നേടുവാൻ സാധിക്കുകയും, അവസാനം അത് കൂടുതൽ ആളുകൾ രക്ഷിക്കപ്പെടുന്നതിലേക്കു നയിക്കുകയും ചെയ്യുന്നു.

### ലക്ഷ്യങ്ങൾ വ്യത്യസ്തമായിരിക്കണം

ഹ്രസ്വ-കാല ലക്ഷ്യങ്ങളും പ്രവൃത്തികളും അല്ലെങ്കിൽ നടപ്പിലാക്കേണ്ട ലക്ഷ്യങ്ങൾ കാണത്തക്ക വിധത്തിലും, കഴിവതും ഒരു കാലയളവിനുള്ളിൽ എത്തണം. ഇടവകയുടെ ലക്ഷ്യം, ഉദാഹരണമായി, "ക്രിസ്തുവിനുവേണ്ടി ആളുകളെ കണ്ടെത്തുക" ആയിരിക്കരുത്. മറിച്ചു, "നമ്മുടെ ആരാധനക്കു വരുന്നവരെ എല്ലാം സന്ദർശിക്കുക, പുതുതായി ആരാധനക്കു വന്നവരെ ആഹാരത്തിനു ക്ഷണിക്കയും, സുവിശേഷ പ്രതികൾ സമൂഹത്തിലെ എല്ലാ വീടുകളിലും എത്തിക്കയും ചെയ്യുക" എന്നതായിരിക്കണം. ഇടവക ഈ പ്രവൃത്തികൾ ചെയ്തിട്ടുണ്ടോ ഇല്ലയോ എന്നു അദ്ധ്യക്ഷന്മാർക്കറിയാം. അവരുടെ ലക്ഷ്യത്തിലെത്തി ചേർന്നോ ഇല്ലയോ എന്നും അവർക്കറിയാം. "നമ്മുടെ ലക്ഷ്യം വളർച്ചക്കുള്ളതാണ്," "നമ്മുടെ ലക്ഷ്യം കൂടുതൽ ക്രിസ്തുവിനെ പോലെ ആയി തീരാനാണ്," അല്ലെങ്കിൽ "നമ്മുടെ ലക്ഷ്യം നന്മ ചെയ്യുക എന്നതാണ്," എന്നു വെറുതെ പറയുന്നത്, പരാജയത്തെയും നിരാശയെയും വിളിച്ചു വരുത്തുക എന്നതാണ്.

### ലക്ഷ്യങ്ങൾ നിയന്ത്രിക്കാവുന്നതാണ്

ഹ്രസ്വ-കാല ലക്ഷ്യങ്ങളും പ്രവൃത്തികളും അല്ലെങ്കിൽ അവ നട

പ്പാക്കുന്നത് നിയന്ത്രിക്കുവാൻ പറ്റണം. അതായതു, ഇടവകക്കു നിയന്ത്രിക്കാവുന്ന ലക്ഷ്യങ്ങളായിരിക്കണം അദ്ധ്യക്ഷന്മാർ വെക്കേണ്ടത്, അവർക്കു നിയന്ത്രിക്കുവാൻ പറ്റാത്തതാകരുത്. ഉദാഹരണത്തിനു, ഉദ്ദേശ ലക്ഷ്യം ഇല്ലാതെ ഒരു ഇടവക ഒരു വർഷത്തിനുള്ളിൽ ഇരുപതു സ്നാനം ലക്ഷ്യമിടരുത്. ലക്ഷ്യം പൂർത്തിയാക്കുന്നതിനു പദ്ധതിയില്ലെങ്കിൽ, ലക്ഷ്യം തന്നെ പെട്ടെന്നു മറന്നു പോകും. മറ്റൊരു പ്രശ്നം നിലനില്ക്കുന്നു: അവർക്കു ഇരുപതു സ്നാനം ഉണ്ടാവുമോ ഇല്ലയോ എന്നതു നിയന്ത്രിക്കുവാൻ ഇടവകക്കു നേരിട്ടു കഴിയുകയില്ല. സഭയുടെ വളർച്ച മുഴുവനും അംഗങ്ങളെ മാത്രം ആസ്പദമായുള്ളതല്ല; അതു അവർ പഠിപ്പിക്കുന്ന ആളുകളുടെ പ്രതികരണശേഷി അനുസരിച്ചിരിക്കും (മത്തായി 13:1–23) വർദ്ധനവു തരുന്ന ദൈവത്തെയും, ആശ്രയിച്ചാണിരിക്കുന്നത് (1 കൊരിന്ത്യർ 3:6).

**"**നിയന്ത്രിക്കാവുന്ന**"** വസ്തുത വെച്ചു എങ്ങനെ ഒരു ഇടവകക്കു ലക്ഷ്യവുമായി നീങ്ങുവാൻ കഴിയും? നാലു പടികൾ ഉള്ള ഉദാഹരണം ഇതാ, ഒരു ഇടവകയിൽ കൂട്ടിച്ചേർക്കൽ എന്ന ലക്ഷ്യം ഉൾപ്പെട്ടുകൊണ്ടാണത്.

*ഒന്ന്, ഇടവക ലക്ഷ്യങ്ങൾ രൂപപ്പെടുത്തണം.* ഇടവകയിൽ അവർ അടുത്ത വർഷം പന്ത്രണ്ടു പേരെ നേടുവാൻ ആഗ്രഹിക്കുന്നു. അവരുടെ ഈ ലക്ഷ്യം നേടുവാനായി താഴെ കൊടുത്തിരിക്കുന്ന പ്രവൃത്തികൾ അല്ലെങ്കിൽ ലക്ഷ്യം നടപ്പിലാക്കൽ വരുത്തുന്നു:

1. വ്യക്തിപരമായ വേലയെ കുറിച്ചു പന്ത്രണ്ടു പ്രസംഗങ്ങൾ നടത്തുക.
2. അംഗങ്ങൾക്കുവേണ്ടി വ്യക്തിപരമായ സുവിശേഷത്തെ കുറിച്ചു ഒരു വർക്ക് ഷോപ്പ് നടത്തുക.
3. ഓരോ അംഗത്തെയും സന്ദർശകരെ കൊണ്ടു വരുവാനും അവരെ സ്വീകരിക്കുവാനും പ്രോത്സാഹിപ്പിക്കുക.
4. ഓരോ സന്ദർശകനെയും സന്ദർശിക്കുക.
5. ഒരു **"**മേൽവിലാസ പട്ടിക**"** ഉണ്ടാക്കി അതിൽ പെട്ടവരെ വർഷത്തിൽ നാലു പ്രാവശ്യം ബന്ധപ്പെടുക.
6. നാം സന്ദർശിക്കുന്ന വീടുകളെ ക്ഷണിച്ചു മീറ്റിങ്ങ് നടത്തുകയും അവരെ ആരാധനക്കു ക്ഷണിക്കുകയും ചെയ്യുക.
7. ആ മീറ്റിങ്ങ് നന്നായി-പദ്ധതി തയ്യാറാക്കിയ ഒരു സുവിശേഷ യോഗത്തോടെ അവസാനിപ്പിക്കുക.
8. ആ സമൂഹത്തിലെ ഓരോ പുതിയ ഭവനത്തെയും സന്ദർശിക്കുക.
9. ആ സമൂഹത്തിലെ എല്ലാ അവിശ്വസ്തരായ ക്രിസ്ത്യാനികളെയും കണ്ടെത്തുക.

*രണ്ട്, അംഗങ്ങൾ ആ ലക്ഷ്യങ്ങളിലേക്കു പിൻപറ്റണം.* ആ ലക്ഷ്യം നേടുവാൻ പ്രവർത്തിക്കണം അഥവാ നടപ്പാക്കണം. അതായതു, അവർ പദ്ധതിയിട്ട കാര്യങ്ങൾ ഇപ്പോൾ പ്രാവർത്തികമാക്കണം.

*മൂന്നു, അദ്ധ്യക്ഷന്മാർ ഫലങ്ങളെ വിലയിരുത്തണം.* **"**നമ്മുടെ ലക്ഷ്യ

ത്തിൽ നാം എത്തിയോ? സഭയിൽ നമുക്കു കൂടുതൽ അംഗങ്ങളെ ലഭിച്ചോ?" എന്നു ചോദിച്ചു കൊണ്ടാണ്, വിലയിരുത്തൽ തുടങ്ങേണ്ട ത്. അങ്ങനെ എങ്കിൽ, വളരെ നല്ലതു. "ദൈവസഹായത്താൽ, നാം പദ്ധതി തയ്യാറാക്കുകയും അതു നടപ്പിലാക്കുകയും ചെയ്തു," എന്നു തീർച്ച പ്പെടുത്താം.

ഇടവകയിൽ കൂടുതൽ പേർ വന്നില്ലെങ്കിൽ, പിന്നെ അദ്ധ്യക്ഷന്മാർ, "എന്തുകൊണ്ടു?" എന്നു ചോദിക്കണം. തുടർന്നു ചോദിക്കേണ്ട ചോദ്യ ങ്ങൾ: "നാം ചെയ്യുവാൻ പദ്ധതിയിട്ടതെല്ലാം ചെയ്തോ? നാം ലക്ഷ്യ പ്രാപ്തിയിൽ (അല്ലെങ്കിൽ നടപ്പിലാക്കൽ) എത്തിയോ?" അവർ അതു ചെയ്തിട്ടുണ്ടെങ്കിൽ, പിന്നെ ഒരു പക്ഷെ മറ്റുള്ളവരെ പരിവർത്തനം ചെയ്യുന്നതിനു വേണ്ട അദ്ധ്വാനത്തെ കുറിച്ചു അവർ വിലയിരുത്തിയതു തെറ്റായിട്ടായിരിക്കാം. അപ്പോൾ അവർ കൂടുതൽ അദ്ധ്വാനിക്കണം – അല്ലെങ്കിൽ എണ്ണത്തിൽ വർദ്ധനവുണ്ടാകുവാൻ – എന്തെങ്കിലും മാറ്റി ചെയ്യണം. ലക്ഷ്യ പ്രാപ്തിയിൽ അവർ എത്തിയില്ലെങ്കിൽ, പിന്നെ അവർ പറയണം, "ഇടവകയുടെ വലുപ്പമനുസരിച്ച്, നമ്മുടെ ലക്ഷ്യങ്ങൾ അയ ഥാർത്ഥ്യമായിരുന്നോ? ഒരുപക്ഷെ നാം അംഗങ്ങളിൽ നിന്നും അധികം പ്രതീക്ഷിച്ചിരിക്കാം." അവർ കൂടുതൽ യാഥാർത്ഥ്യ ലക്ഷ്യങ്ങളെ വെക്കേ ണ്ടതും അല്ലെങ്കിൽ മറ്റുള്ളവരെകൊണ്ട് ഉത്തേജിപ്പിച്ച് ചെയ്യിക്കേണ്ടത് എങ്ങനെ ആയിരിക്കണമെന്നും അവർക്ക് എന്തു ചെയ്യുവാൻ കഴിയു മെന്നും അല്ലേ ചിന്തിക്കേണ്ടത്?

*നാല്, അവർ പുതിയ ലക്ഷ്യങ്ങൾ രൂപപ്പെടുത്തണം.* ഒരു വർഷത്തെ പ്രവൃത്തി പരിചയം അടുത്ത വർഷത്തെ ലക്ഷ്യം രൂപപ്പെടുത്തുവാൻ ഇടവകയെ സഹായിക്കും. ഇലക്ട്രിക് ബൾബ് വിജയകരമായി ഉപയോ ഗിക്കുന്നതിനു മുൻപു തോമസ് എഡിസൻ വ്യത്യസ്ത സാധനങ്ങൾ കൊണ്ട് ഏതാണ്ട് ആയിരത്തോളം പരീക്ഷണങ്ങൾ നടത്തുകയുണ്ടാ യി. ആ ആയിരം പരീക്ഷണങ്ങൾ പരാജയമായിരുന്നോ എന്നദ്ദേഹ ത്തോടു ചോദിച്ചപ്പോൾ അയാൾ പറഞ്ഞത് താൻ അവയെ പരാജയ മായി കാണുന്നില്ല എന്നാണ്. അയാൾ പറഞ്ഞു, ഓരോന്നും വിജയമാ യിരുന്നു, കാരണം ഓരോന്നും അതു വീണ്ടും ചെയ്യരുത് എന്നു കാണി ച്ചുതന്നു. നമ്മുടെ മനസാക്ഷിക്ക് നിയന്ത്രിക്കാൻ പറ്റിയ ലക്ഷ്യങ്ങൾ നാം വെക്കുകയും അവ നല്കുന്ന പാഠം നാം മനസ്സിലാക്കുകയും ചെയ്താൽ, ഒരു ശ്രമവും പരാജയമായി നാം കണക്കാക്കുകയില്ല. സഭയുടെ പ്രവൃത്തി *ചെയ്യാതിരിക്കേണ്ട*തിനാണ് നാം മറ്റൊരു വഴി ശീലിക്കാതിരിക്കുന്നത്.

### ലക്ഷ്യങ്ങൾ ദൈവശക്തിയിൽ - ആശ്രയിക്കണം

ദൈവശക്തി ഇടവകയുടെ ലക്ഷ്യങ്ങളെ ശുഭാപ്തി വിശ്വാസത്താ ലും, ഊർജ്ജത്താലും ജ്വലിപ്പിക്കണം. എന്തിനേറെ, "നമ്മിൽ വ്യാപരി ക്കുന്ന ശക്തിയാൽ" അവന് "നാം ചോദിക്കുന്നതിലും നിനെക്കുന്നതിലും അത്യന്തം പരമായി ചെയ്‌വാൻ കഴിയുന്നു" (എഫെസ്യർ 3:20). ഏക ലക്ഷ്യത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും അവരുടെ മാനുഷിക ഊർജ്ജം അതിന്റെ പൂർത്തീകരണത്തിനായി ഉപയോഗിക്കുകയും ചെയ്യുന്ന മിക്ക

ആളുകൾക്കും, അവർക്കു ചിന്തിക്കാവുന്നതിലപ്പുറം നേട്ടങ്ങൾ കൈവരിക്കുവാൻ സാധിക്കും. നമ്മുടെ ഭാഗത്തു ദൈവമുണ്ടെങ്കിൽ എത്ര അധികം നാം നേടും!

**ഉപസംഹാരം**

ദൈവത്തിന്റെ അദ്ധ്യക്ഷന്മാർ എപ്പോഴും ഏക മനസ്സുള്ളവരും, ലക്ഷ്യ-ബോധം ഉള്ളവരും ആയിരിക്കണം. നെഹെമ്യാവിനു ഒരൊറ്റ ലക്ഷ്യമേ ഉണ്ടായിരുന്നുള്ളൂ: അവന്റെ ലക്ഷ്യം യെരുശലേമിന്റെ മതിൽ പണിയുക എന്നതായിരുന്നു (നെഹെമ്യാവു 2:5, 17). അവൻ പ്രാർത്ഥിച്ചു, സഹായം അഭ്യർത്ഥിച്ചു, സാഹചര്യത്തെ തരം തിരിച്ചു, ആളുകളെ പ്രോത്സാഹിപ്പിച്ചു, തന്റെ സൈന്യത്തെ സജ്ജമാക്കി, ജോലി സംഘടിപ്പിച്ചു, പ്രശ്നങ്ങളെ അതിജീവിച്ചു, ലക്ഷ്യം നേടി (നെഹെമ്യാവു 4:6; 6:15). പൗലൊസ് ഏക ഉദ്ദേശം ഉള്ളവനായിരുന്നു; അവൻ പറഞ്ഞു, "സഹോദരന്മാരേ, ഞാൻ പിടിച്ചിരിക്കുന്നു എന്നു നിരൂപിക്കുന്നില്ല; ഒന്നു ഞാൻ ചെയ്യുന്നു ..." (ഫിലിപ്പിയർ 3:13, 14). ഏക ഉദ്ദേശം മാത്രമുള്ള ഒരു അദ്ധ്യക്ഷൻ ആയിരുന്നു ക്രിസ്തു. അവൻ പറഞ്ഞു, "ഞാൻ എന്റെ ഇഷ്ടമല്ല, എന്നെ അയച്ചവന്റെ ഇഷ്ടമത്രേ ചെയ്‌വാൻ, സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങി വന്നിരിക്കുന്നതു" (യോഹന്നാൻ 6:38); "കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലോ മനുഷ്യപുത്രൻ വന്നതു" (ലൂക്കൊസ് 19:10); കൂടാതെ "മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല ശുശ്രൂഷിപ്പാനും അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും വന്നതുപോലെ തന്നേ" (മത്തായി 20:28). അവൻ ആ ഒരു വലിയ ഉദ്ദേശം മുൻനിർത്തിയാണ് ജീവിച്ചതു: തന്റെ ത്യാഗപൂർണ്ണമായ മരണത്താൽ നഷ്ടപ്പെട്ടവരെ രക്ഷിക്കുന്ന പിതാവിന്റെ ഇഷ്ടം ചെയ്യുക എന്നതായിരുന്നു അത്. അവൻ ക്രൂശിൽ വിജയിച്ചത്, പിശാചിനെ തോല്പിച്ചുകൊണ്ടാണ് (എബ്രായർ 2:14), അങ്ങനെ സംഭവിക്കുവാൻ കാരണം അവൻ ഏക-മനസ്സോടെ തന്റെ ലക്ഷ്യത്തിനായി ശ്രമിച്ചതുകൊണ്ടാണ്! ദൈവത്തിനു ഇപ്പോഴും ലക്ഷ്യ-ബോധമുള്ള അദ്ധ്യക്ഷന്മാരെ ആവശ്യമാണ്.

---

കുറിപ്പു

[1]മറ്റു പേരുകൾ ഉപയോഗിക്കാവുന്നത്, "ലക്ഷ്യങ്ങൾ," അല്ലെങ്കിൽ "ഉദ്ദേശങ്ങൾ." വ്യത്യസ്ത പേരുകൾ ഉപയോഗിക്കുന്നതിൽ മൂല്യം കണ്ടേക്കാം, എങ്കിലും ലാളിത്വത്തിനുവേണ്ടി "ലക്ഷ്യങ്ങൾ" എന്നാണ് പാഠം മുഴുവൻ ഉപയോഗിച്ചിരിക്കുന്നത്.

© 2009 Truth for Today